ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. **AST** സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് **ISRO;** അഭിനന്ദിച്ച് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

   **ISRO has successfully placed AST SpaceMobile's BlueBird Block-2 satellite into orbit; the Vice President, Prime Minister, and other dignitaries have extended their congratulations.**

2. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഹരിയാന സന്ദർശിക്കും. സഹകരണ മേഖലയുമായി ബന്ധപ്പെട്ട പരിപാടിയിൽ സംബന്ധിക്കും.

   **Union Home Minister Amit Shah to Visit Haryana Today; Union Minister to attend various events including a conference related to the cooperative sector.**

3. വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ പദ്ധതിക്ക് കീഴിലുള്ള കേന്ദ്ര വിഹിതം

95,000 കോടി രൂപയായി ഉയർത്തിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Centre's contribution under the Viksit Bharat: GRAM G scheme has been raised to nearly 95 thousand crore rupees:Union Agriculture Minister Shivraj Singh Chouhan**

4. പണലഭ്യത ഉറപ്പുവരുത്തുന്നതിനായി മൂന്ന് ലക്ഷം കോടി രൂപ വിപണിയിലിറക്കാനൊരുങ്ങി ആർബിഐ.

**RBI to infuse three trillion rupees liquidity in the banking system through open market operations and forex swap to ease liquidity conditions**

5. എസ് ഐ ആർ കരടു വോട്ടർ പട്ടികയിൻമേലുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ കേരളത്തിൽ പൂർത്തിയായി; 22 വരെ പരാതികൾ സമർപ്പിക്കാം.

**Kerala Completes Arrangements to receive objections to draft SIR voters' list; complaints open till 22nd**

6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങൾക്കായി ഇരു ടീമുകളും ഇന്ന് തിരുവനന്തപുരത്ത് എത്തും.

**Indian and Sri Lankan Women's teams to arrive in Thiruvananthapuram today for final three T20 matches**

❁❁❁❁❁❁❁❁❁❁❁❁❁

**ISRO-BLUEBIRD BLOCK-2**

എഎസ്ടി സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് ISRO. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാവിലെ 8.55നായിരുന്നു വിക്ഷേപണം. എൽവിഎം 3യുടെ മൂന്നാം വാണിജ്യ വിക്ഷേപണ ദൗത്യമാണിത്. അമേരിക്കൻ കമ്പനി AST സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെയാണ് ബാഹുബലി എന്നറിയപ്പെടുന്ന ഇന്ത്യയുടെ ഏറ്റവും കരുത്തുള്ള റോക്കറ്റ് ഈ ദൗത്യത്തിലൂടെ ബഹിരാകാശത്തെത്തിച്ചത്. 6100 കിലോ ഗ്രാമാണ് ഉപഗ്രഹത്തിന്റെ ഭാരം. ഉപഗ്രഹാധിഷ്ഠിത ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്ന കമ്പനിയാണ് എ.എസ്.ടി സ്പേസ് മൊബൈൽ.

## VP, PM, JITENDRA– ISRO LAUNCH

അമേരിക്കയുടെ AST സ്പേസ് മൊബൈൽ Bluebird block-2 ഉപഗ്രഹം വിക്ഷേപിച്ച ഐഎസ്ആർ യെ അഭിനന്ദിച്ച് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്ര ശാസ്ത്രസാങ്കേതിക മന്ത്രി ഉൾപ്പെടെയുള്ളവർ. ആത്മനിർഭർ ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിൻറെ പ്രതിഫലനമാണ് ഈ നേട്ടമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ബഹിരാകാശ യാത്രയിലെ അഭിമാനകരമായ നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി

നരേന്ദ്ര മോദി പറഞ്ഞു. വിക്ഷേപണ വിജയത്തിൽ ISRO യെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ബഹിരാകാശ സാങ്കേതികവിദ്യയിലെ ഇന്ത്യയുടെ ഉയർച്ച പ്രതിഫലിപ്പിക്കുന്നതാണ് ഐ.എസ്.ആർ.ഒ യുടെ ശ്രദ്ധേയമായ വിജയമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിങ് സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ISRO- V NARAYANAN(INTRO)

എൽവിഎം 3 എം 6 ന്റെ വിജയകരമായ വിക്ഷേപണത്തിനു പിന്നിൽ പ്രവർത്തിച്ചവരെ ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ അഭിനന്ദിച്ചു. ഇസ്രോയ്ക്ക് ഇത് ഒരു സുപ്രധാന നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു. (ഹോൾഡ് വോയ്സ്.........)

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH VISIT-PANCHKULA VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഹരിയാന സന്ദർശിക്കും. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സമ്മേളനം, ഹരിയാന പോലീസ് പാസിംഗ് ഔട്ട് പരേഡ്, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പ്രതിമ അനാച്ഛാദനം ഉൾപ്പെടെ വിവിധ പരിപാടികളിൽ ശ്രീ ഷാ പങ്കെടുക്കും. പഞ്ച്കുലയിലെ സെക്ടർ 5 ലെ ഇന്ദ്രധനുഷ്

ഓഡിറ്റോറിയത്തിൽ നടക്കുന്ന വീർ ബാൽ ദിവസ് പരിപാടിയിലും കേന്ദ്ര ആഭ്യന്തരമന്ത്രി പങ്കെടുക്കും.

## SHIVRAJ-G RAM G

വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ പദ്ധതിക്ക് കീഴിലുള്ള കേന്ദ്ര വിഹിതം 86,000 കോടി രൂപയിൽ നിന്ന് 95,000 കോടിയോളം രൂപയായി ഉയർത്തിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഗ്രാമീണ തൊഴിൽ മേഖലയ്ക്ക് കേന്ദ്രസർക്കാർ നൽകുന്ന ശക്തമായ പിന്തുണയും അദ്ദേഹം ആവർത്തിച്ചു.

## CHHATTISGARH- G RAM G-ODISHA PESA

അതേസമയം പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഛത്തീസ്ഗഡിലും ഒഡീഷയിലും ഇന്ന് പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കും. ഷെഡ്യൂൾഡ് പ്രദേശങ്ങളിൽ ഇന്ന് പ്രത്യേക ഗ്രാമസഭകൾ നടക്കും, മറ്റ് പഞ്ചായത്തുകളിൽ, മറ്റന്നാൾ പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കും.

## PM-PRERNA STHAL

മുൻ പ്രധാനമന്ത്രി ഭാരതരത്ന അടൽ ബിഹാരി വാജ്പേയിയുടെ ജീവിതാദർശങ്ങളോടുള്ള ആദരസൂചകമായി ഉത്തർപ്രദേശിലെ ലഖ്നൗവിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാഷ്ട്ര പ്രേരണ സ്ഥൽ ഉദ്ഘാടനം ചെയ്യും. അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ചാണ് ശ്രീ മോദിയുടെ ലഖ്നൗ സന്ദർശനം. ഏകദേശം 230 കോടി രൂപ ചെലവിൽ 65 ഏക്കർ വിസ്തൃതിയിലാണ് രാഷ്ട്ര പ്രേരണ സ്ഥലിൻറെ നിർമ്മാണം.

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

**RBI - LIQUIDITY**

ബാങ്കിംഗ് സംവിധാനത്തിലെ പണലഭ്യത ഉറപ്പുവരുത്തുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുതിയ നടപടികൾ പ്രഖ്യാപിച്ചു. വിപണി

ഇടപെടലിലൂടെയും വിദേശ വിനിമയ സ്വാപ്പിലൂടെയും വരും ആഴ്ചകളിൽ ഏകദേശം മൂന്ന് ലക്ഷം കോടി രൂപ വിപണിയിലേക്ക് പമ്പ്ചെയ്യാനാണ് ആർബിഐ ഒരുങ്ങുന്നത്. നിർദ്ദിഷ്ട പദ്ധതി പ്രകാരം, 2 ലക്ഷം കോടി രൂപയുടെ ഓഹരികൾ വാങ്ങും. വിദേശ കറൻസി സ്വാപ്പും നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ-DHANU YATRA

ഒഡീഷയിലെ ബർഗഢിൽ സംഘടിപ്പിക്കുന്ന ധനു യാത്രയോട് അനുബന്ധിച്ച്, രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ധനുയാത്രയിലെ സമാനതകളില്ലാത്ത ഉജ്ജ്വല പ്രകടനങ്ങൾ സമൂഹത്തിൽ ആത്മീയ-സാംസ്കാരിക ബോധം വളർത്തുമെന്ന് രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. 11 ദിവസത്തെ പൗരാണിക-പരമ്പരാഗത സാംസ്കാരിക പ്രദർശനങ്ങളാണ് ധനുയാത്രയിലുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## WOMENS CRICKET TEAM(INTRO)

ഇന്ത്യ-ശ്രീലങ്ക വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങൾക്കായി ഇരു ടീമുകളും ഇന്ന് തിരുവനന്തപുരത്ത് എത്തും.ഇ ന്നലെ വിശാഖപട്ടണത്ത് നടന്ന മത്സരത്തിൽ ശ്രീലങ്കയെ ഏഴു വിക്കറ്റിന് ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു. ഇതോടെ അഞ്ച് മത്സരങ്ങളുള്ള

പരമ്പരയിൽ രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ മുന്നിലാണ്. പരമ്പരയിലെ അടുത്ത മത്സരം ഡിസംബർ 26 ന് തിരുവനന്തപുരത്ത് നടക്കും. *മത്സരത്തിനായുള്ള മുന്നൊരുക്കൾ പൂർത്തിയായതായി **KCA** സെക്രട്ടറി വിനോദ് കുമാർ പറഞ്ഞു.... (ഹോൾഡ് വോയ്സ്.....................)*

## SPORTS MINISTRY

യുവ പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും രാജ്യത്തിന്റെ കായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായുള്ള വേദി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സമഗ്ര പരിശീലന നയം ആരംഭിച്ചു. മന്ത്രാലയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങളോടൊപ്പം സ്പോർട്സ് ഭരണം, അനുബന്ധ പ്രൊഫഷണൽ മേഖലകൾ എന്നിവയെക്കുറിച്ചുള്ള അറിവും ലഭ്യമാക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരടു വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള

നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

## SABARIMALA

മണ്ഡല പൂജയോടനുബന്ധിച്ച് ശബരിമല ദർശനത്തിന് വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിംഗ് എന്നിവയിൽ നിയന്ത്രണം. തങ്ക അങ്കി ഘോഷയാത്ര സന്നിധാനത്ത് എത്തുന്ന ഈമാസം 26 ന് 30,000 പേരെയും മണ്ഡലപൂജ നടക്കുന്ന ശനിയാഴ്ച 35,000 പേരെയുമേ വെർച്വൽ ക്യൂ വഴി അനുവദിക്കുകയുള്ളൂ. സ്പോട്ട് ബുക്കിംഗ് 2,000 ആയി നിജപ്പെടുത്തി.

## CHRISTMAS– CHURCH

ക്രിസ്തുമസ് ആഘോഷങ്ങളുടെ പ്രാർഥനയിലും സന്തോഷത്തിലും കേരളത്തിലെ ദേവാലയങ്ങൾ. പുൽക്കൂട്ടിൽ പിറന്ന രക്ഷകന്റെ തിരുനാൾ ആഘോഷിക്കാനൊരുങ്ങുകയാണ് നാടും നഗരവും. ദീപാലങ്കാരങ്ങളും നക്ഷത്രങ്ങളും പുൽക്കൂടുകളും ഒരുക്കി പള്ളികൾ ക്രിസ്മസ് ആഘോഷങ്ങളെ വരവേൽക്കുകയാണ്. പ്രധാന പള്ളികളുടെയും സമീപ

റോഡുകളുടെയും വർണാഭമായ അലങ്കാരം നഗരപ്രദേശങ്ങളിൽ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. നാളെയാണ് ക്രിസ്തുമസ്.

## AIR QUALITY

വായു മലിനീകരണം തടയുന്നതിൻറെ ഭാഗമായി ഡൽഹിയുടെ 300 കിലോമീറ്റർ ചുറ്റളവിലുള്ള ആറ് താപവൈദ്യുത നിലയങ്ങൾക്ക് എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകി. 2023 ലെ ബയോമാസ് കോ-ഫയറിംഗ് മാനദണ്ഡങ്ങൾ പാലിക്കാത്തതിനാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. 15 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള വിശദീകരണം സമർപ്പിക്കാനും കമ്മീഷൻ നിർദ്ദേശിച്ചു. അതേസമയം ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇന്ന് ശക്തമായ മൂടൽമഞ്ഞിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

## CONSUMER DAY

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ഉപഭോക്തൃ അവകാശങ്ങളുടെ പ്രാധാന്യവും ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധവും സൃഷ്ടിക്കാനാണ് ദിനാചരണം.

ഉപഭോക്താക്കൾക്കായി സമഗ്രമായ അവകാശങ്ങൾ സ്ഥാപിച്ചുകൊണ്ട് 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് ഈ ദിവസമാണ്.

## MEA BANGLADESH HIGH COMMISSIONER

ബംഗ്ലാദേശിലെ അക്രമ സംഭവങ്ങളിൽ ഹൈക്കമ്മീഷണർ റിയാസ് ഹമീദുള്ളയെ വീണ്ടും വിളിച്ചുവരുത്തി ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രാലയം. കഴിഞ്ഞ ആഴ്ച ഹൈക്കമ്മീഷണറെ വിളിച്ചുവരുത്തി ബംഗ്ലാദേശിലെ സുരക്ഷാ അന്തരീക്ഷം വഷളാകുന്നതിൽ ഇന്ത്യയുടെ ശക്തമായ ആശങ്കകൾ അറിയിച്ചിരുന്നു. ബംഗ്ലാദേശിലെ ന്യൂനപക്ഷ ഹിന്ദുക്കൾക്കെതിരായ അതിക്രമങ്ങളിലും ദിപു ചന്ദ്ര ദാസിനെ ആൾക്കൂട്ടം കൊലപ്പെടുത്തിയതിലും നിരവധി സംഘടനകൾ ഇന്നലെ ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷന് പുറത്ത് പ്രതിഷേധിച്ചു. ഹൈക്കമ്മീഷന് പുറത്ത് സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. അതേസമയം, ബംഗ്ലാദേശിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

बहुजनहिताय बहुजनसुखाय
आकाशवाणी